# LITTLE WINGS



**E- MAGZINE**

**ST SEBASTIANS H S MANNAMANGALAM**

**2018-19**

## താളുകളിലൂടെ......................


LITTLE WINGS.......................................................................................................1
മാലിന്യം കേരളത്തിന്റെ ശാപവസ്തു.......................................................................................5
പ്രളയം........................................................................................................................6
ഭൂമി വിഴുങ്ങാൻ ശക്തിയോടെ...........................................................................................6
സ്റ്റീഫൻ ഡബ്ല്യൂ ഹോക്കിങ്.................................................................................................8
ചാട്ടം തെറ്റിയേ!.............................................................................................................9
നിലാതെന്നലായി...........................................................................................................10
പായ് മരത്തിലെ പക്ഷി...................................................................................................11
Bilna BijU IX A.............................................................................................................11
തുറന്ന വീഥികൾ (കവിത).................................................................................................12
...................................................................................................................................13
മാറുന്ന കേരളവും മടങ്ങിവരുന്ന മരച്ചീനിയും..................................................................13
കർഷകൻ കണ്ട മഴകാഴ്ചകൾ...........................................................................................14
മുൻപേ നടന്നയാൾ........................................................................................................17
എന്റെ ഓർമ്മകൾ...........................................................................................................19
അഹിംസാ സമരത്തിന്റെ മാതൃക......................................................................................21
സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ മാന്ദാമംഗലം..........................................................22

# ലിറ്റിൽ വിങ്ങ്സ്

വിവരസാങ്കേതിക വിദ്യ നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറികഴിഞ്ഞു.ഈ ആധുനികയുഗത്തിൽ ഞങ്ങൾ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ **Little Wings** എന്ന ഇ മാഗസിൻ ചിറക് വിടർത്തി പറന്നുയരട്ടെ......

**എഡിറ്റർ**





# സന്ദേശം

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇ മാഗസിൻ പ്രസിദ്ധീകരിക്കുന്ന വിവരം അറിഞ്ഞതിൽ സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകവും സാങ്കേതികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ആത്മവിശ്വാസം വളർത്തുന്നതിനും ഈ സംരംഭം വഴി സാധിക്കട്ടെ എന്ന് ആശംസിക്കുന്നു...

സ്നേഹപൂർവ്വം,

പ്രധാനാദ്ധ്യാപകൻ

എം. പീതാബരൻ മാസ്റ്റർ

സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ മാന്ദാമംഗലം

## ലിറ്റിൽ കൈറ്റിന്റെ ഉദ്‌ഘാടന ചടങ്ങിൽ നിന്ന്,

### രാജീവ് മാസ്റ്ററോടൊപ്പം...



# <u>മാലിന്യം കേരളത്തിന്റെ ശാപവസ്തു</u>



മാലിന്യം നാടിനെ നടുക്കുന്ന ഒരു വിഷം.കേരളത്തിന്റെ ശാപവസ്തു.ഇന്ന് പ്ലാസ്റ്റിക്ക് ഇലക്ട്രോണിക് ,ഫാക്ടറി മാലിന്യങ്ങൾ തുടങ്ങിയ പലതരം മാലിന്യങ്ങൾ ഉണ്ട്.ഇതുമൂലം മനുഷ്യന് ബാധിക്കുന്ന ഒരു രോഗമാണ് കാൻസർ.മാലിന്യത്തിൽ ഭീകരൻ പ്ലാസ്റ്റിക്കാണ്.ഇന്ന് പ്ലാസ്റ്റിക്ക് ഉപയോഗമില്ലാത്തപ്ലാസ്റ്റിക്ക് മേഖലയില്ല.ഇടുന്ന ചെരുപ്പ് വരെ പ്ലാസ്റ്റിക്കാണ്.ഒരു തവണ ഉപയോഗിച്ചാൽ പിന്നീട് പ്ലാസ്റ്റിക്ക് കവർ വലിച്ചെറിയുന്നു.അതാണ് മലയാളിയുടെ പൊതുസ്വഭാവം.പ്ലാസ്റ്റിക്ക് എന്ന മാലിന്യവസ്തു മണ്ണിൽ അലിഞ്ഞു ചേരുകയില്ല.൧൦൦ വർഷങ്ങളോളം പ്ലാസ്റ്റിക്ക് എന്ന മഹാദുരന്തം മണ്ണിൽ ഒളിഞ്ഞിരിക്കുന്നു.ഒരു പേടിസ്വപ്നം പോലെ,

അതുപോലെ തന്നെയാണ് ഇലക്ട്രോണിക് മാലിന്യം.ഇതിന്റെ ചുരുക്കപേര് E-WASTE എന്നാണ്.E-WASTE എന്ന് ഓമനപേരുള്ള ഈ മാലിന്യം തോടുകളിലും പുഴകളിലും ഒഴുക്കി വിടുന്നു.ഇന്ന് ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം വർധിച്ചുവരുന്നു.ഫ്രിഡ്ജ്,ടി.വി ,മിക്സി,തുടങ്ങിയ പലതരം ഉപകരണങ്ങളുണ്ട്.ഇതിലുള്ള പല സാമഗ്രികളും മറ്റും നിർമ്മിക്കുന്നത് പ്ലാസ്റ്റിക്ക് കൊണ്ട് തന്നെയാണ്.പ്ലാസ്റ്റിക്ക് മാലിന്യവും E-WASTE ഉം തമ്മിൽ അതിയായ സ്നേഹബന്ധമുണ്ട്.

ഈ മാലിന്യത്തിന്റെ ഒരു കേന്ദ്രം സ്ഥിതി ചെയ്യുന്നത് പുഴകളിലും കടലിലുമെല്ലാമാണ്.എന്തിന് ചെറുതോടുകളിലുപോലും മാലിന്യമാണ് ഒഴുക്കുന്നത്.വായുവിലും ചുറ്റുപാടുകളിലും മാലിന്യത്തിന് ഒരു കേന്ദ്രമുണ്ട്.അത് ഉണ്ടാകുന്നത് മനുഷ്യന്റെ അക്രമത്തിന്റെ ഫലമായിട്ടാണ്. പ്ലാസ്റ്റിക്ക് ,വീട്ടുപകരണ സാധനങ്ങൾ തുടങ്ങിയവ കത്തിക്കുന്നത് മൂലം ജീവന് ഹാനികരമായ ഒരു വായു പുറംതള്ളുന്നു.ഈ വായു മൂലവും നമുക്കുണ്ടാകുന്ന രോഗമാണ് കാൻസർ. കാൻസർ ബാധിച്ച് ലക്ഷകണക്കിന് ആളുകൾ ദുരന്തം അനുഭവിക്കുന്നു.അതിൽ മുക്കാഭാഗവും പ്ലാസ്റ്റിക്ക് E-WASTE, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തുടങ്ങിയവരിൽ നിന്നുള്ള സംഭാവനയാണ്.മണ്ണിലും നാം ഇവ നിക്ഷേപിച്ച് നിധിപോലെ കാക്കുന്നു.ഇതെല്ലാം തടയുന്നതിനായി മനുഷ്യൻ തയ്യാറാകുന്നില്ലങ്കിൽ മരണം എന്ന യാഥാർത്ഥ്യം പതിവിലും നേരത്തെ നമ്മെ തേടിയെത്തും. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാം. പ്ലാസ്റ്റിക്കിനെ -പുനർനിർമ്മിക്കാനും,വീണ്ടും വീണ്ടും ഉപയോഗിക്കാനും ,നിയന്ത്രിക്കാനും ,വേണ്ടാന്ന് വെക്കാനും നമുക്ക് സാധിക്കണം.അങ്ങനെയെല്ലാം നമ്മുടെ നാടിനെ ഈ ഭീകരാവസ്ഥയിൽ നിന്ന് കരകയറ്റാം.

**Diya Ross**



# പ്രളയം




ഭൂമി വിഴുങ്ങാൻ ശക്തിയോടെ
കേരളക്കര മുഴുവനായ് വിഴുങ്ങി
പ്രളയം എന്ന മഹാദുരന്തം വന്നെത്തി
ഇതുവരെ ജനങ്ങൾ കാണാത്ത
ആ മഹാപ്രളയം വന്നെത്തി
ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മാനവർ
ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവം
കേരളക്കര ഒന്നടങ്കം വിങ്ങിയ
പ്രളയം എവിടേക്കോ മറഞ്ഞുപോയി
നവകേരളം സൃഷ്ടിക്കാനായി ഒറ്റക്കെട്ടായി
പ്രയത്നിക്കുന്നു ഇന്നു നാം.

**Anchal IX C**



# <u>വായനാ കുറിപ്പ്</u>




കാരൂർ നീലകണ്ഠപിള്ളയുടെ ശ്രദ്ധേയമായ കൃതികളിൽ ഒന്നാണ് ഉതുപ്പാന്റെ കിണർ .വായനക്കാരെ വളരെയേറെ സ്വാധീനിക്കുന്ന ഒരു കൃതിയാണ് ഇത്.ഇന്നത്തെ സാമൂഹിക വ്യവസ്ഥയെ നിശബ്ദമായി വിമർശിക്കുന്ന ഈ കഥ നമ്മെ ചിന്തിപ്പിക്കുകയും ചെയ്യുന്നു.

കഴിയും വിധം പണിയെടുത്ത് കിട്ടുന്നതു കൊണ്ട് സന്തോഷകരമായി ജീവിക്കുകയും മറ്റുള്ളവരെ സഹായിക്കാൻ ആവതും ശ്രമിക്കുകയും ചെയ്തിരുന്ന ഉതുപ്പാന്റെ ജീവിതമാണ് കഥയിലൂടെ നീളം .സ്വന്തം കാര്യം മാത്രം നോക്കി നടത്തുന്ന മനുഷ്യർ ഉള്ള ഈ കാലത്ത് ഉതുപ്പാൻ ഒരു വേറിട്ട വ്യക്തിത്വം തന്നെയാണ്.എന്നാൽ അന്നത്തെ കാലത്തെ ഉതുപ്പാൻ ഇന്നത്തെ സ്വപ്നം മാത്രമാണ്.അത്തരത്തിൽ ഒരാളെ കണ്ടുകിട്ടാനും പ്രയാസം തന്നെ.സ്വന്തം ഭൂമിയിൽ മറ്റുള്ളവർക്കായി കിണർ കുഴിക്കുന്ന ഉതുപ്പാൻ നന്മയുടെ ഒരു വലിയ നില കെട്ടിടം തന്നെയാണ്.എന്നാൽ ഉതുപ്പാന്റെ നന്മയെ കാണാൻ ആരും തന്നെ തയ്യാറാകാത്ത അവസ്ഥ വായനക്കാരെ ഒരുപ്പോലെ വിഷമിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യും.

അവസാനം കിണർ നഷ്ടമാകുന്ന ഉതുപ്പാന് അത് തന്റെ ജീവൻ നഷ്ടപ്പെടുന്നതിന് തുല്യമാണെന്ന് ചിന്തിക്കുന്നു.അങ്ങനെ ആ കിണറിൽ തന്നെ ആ ജീവൻ ഒടുങ്ങുന്ന കാഴ്ച വിഷമകരമാണ്.ഉതുപ്പാൻ ഒരു കാലത്തിന്റെ പ്രതീകമാണ്.ഒരു വായനക്കാരനെ വളരെയേറെ സ്വാധീനിക്കാൻ കഴിവുള്ള ഒരു കഥാപാത്രം.കാരൂരിന്റെ കഥാപാത്രങ്ങളിൽ വായിക്കാൻ ജീവൻ ഉണർത്തിയതായി തോന്നിയത് ഉതുപ്പാൻ തന്നെയാവും.



**Vijo Varghese IX C**

# സ്റ്റീഫൻ ഡബ്ല്യൂ ഹോക്കിങ്

ശാസ്ത്രലോകത്തെ വിദഗ്ദനായിരുന്ന സ്റ്റീഫൻ ഹോക്കിങ്ങിനെക്കുറിച്ച് കേട്ടിരിക്കുമല്ലോ,പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് നൂതനമായ അന്വേഷണങ്ങൾ നടത്തിയ അദ്ദേഹം പിന്നീട് രോഗം ബാധിച്ച് വീൽച്ചെയറിലേക്ക്ഒതുക്കപ്പെടുകയായിരുന്നു.1963 ൽലാണ് തന്റെ ജീവിതം മാറുന്നത് അദ്ദേഹത്തിന്റെ 23-ാം വയസ്സിൽ .മോട്ടോർ ന്യൂറോൺ എന്ന ഗുരുതരരോഗം ബാധിച്ച് ,ശരീരം തളർന്ന് ജീവിതം പൂർണ്ണമായും വീൽച്ചയറിലേക്ക് ഒതുക്കപ്പെട്ട പ്രതിഭ.സംസാരശേഷി നഷ്ടപ്പെട്ട് ,ആംഗ്യഭാഷയ്ക്കുപോലും പറ്റാത്ത നിസ്സഹായാവസ്ഥയിലാണെങ്കിലും രോഗത്തിനു കീഴടങ്ങി ഒതുങ്ങിക്കൂടാൻ അദ്ദേഹം തയ്യാറായില്ല.പ്രവർത്തനക്ഷമമായ ഒരേയൊരവയവമായ വലതുകൈയിലെ ചൂണ്ടുവിരലുപയോഗിച്ച് കംപ്യൂട്ടറിൽ തെളിയുന്ന അക്ഷരങ്ങൾ ,പെറുക്കിയെടുത്ത് ഹോക്കിങ്ങ് മഹത്തായ ആശയങ്ങൾ ലോകത്തിനു സമ്മാനിച്ചു.പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും തമോഗർത്തങ്ങളെക്കുറിച്ചുമുള്ളഅദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ഐൻസ്റ്റീനുശേഷമുണ്ടായ ഏറ്റവും മഹത്തായ കണ്ടെത്തലുകളായി കണക്കാക്കപ്പെടുന്നു.'A brief history of time' അടക്കമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ രചനകളാണ്.ജീവിതത്തിൽ ഒരുപാട് പ്രതിസന്ധികളും ഒരുപാട് ന്യൂനതകളും ഒരുപക്ഷേ നമ്മെ അലട്ടിയേക്കാം .പക്ഷേ ആ ന്യൂനതകളോ നമ്മുടെ ശാരീരികമായ അവശതകളോ നമ്മെ പിന്നോട്ട് നയിക്കരുത് ഇതാണ് സ്റ്റീഫൻ ഹോക്കിങ്ങ് നൽകുന്ന സന്ദേശം.

**Anaka Chandrababu IX C**



# ചാട്ടം തെറ്റിയേ!



പിപ്പു കുരങ്ങൻ എന്നും കൂട്ടുകാരോട് വീമ്പ് പറയും."ഹും! എന്നെ മരഞ്ചാട്ടത്തിൽ തോൽപ്പിക്കാൻ ഈ കാട്ടിൽ ആരുമില്ല!".അഹങ്കാരിയായ പിപ്പുവിനിട്ട് ഒരു പണികൊടുക്കാൻ കൂട്ടുകാർ തീരുമാനിച്ചു.അതിനുള്ള പദ്ധതിയും അവർ തയ്യാറാക്കി ഹും ഇന്ന് ഞാൻ ഈ കാട്ടിലെ ഏറ്റവും വലിയ മരത്തിൽ നിന്ന് ചാടി !ഒരു ദിവസം പിപ്പു വീമ്പു പറഞ്ഞു.അപ്പോൾ ഒരു കുരങ്ങൻ ചോദിച്ചു,പിപ്പൂ ദാ ആ വള്ളിയിൽ തൂങ്ങാമോ?ഹി ....ഹി...അതിനെന്താ?ഈസിയല്ലേ?പിപ്പൂ വള്ളിയിലേക്ക് ഒറ്റച്ചാട്ടം!പെട്ടെന്ന് വള്ളി നീങ്ങി മാറി! വള്ളിയിൽ പിടികിട്ടാതെ പിപ്പൂകുരങ്ങൻ താഴെ വീണു.ധും.!ഹ..ഹ..പിപ്പു അത് വള്ളിയല്ല കിട്ടുകുരങ്ങന്റെ വാലായിരുന്നു.കിട്ടു വാലു ചുരുട്ടിയപ്പോഴാ നീ താഴെപ്പോയത്!

മറ്റു കുരങ്ങന്മാർ പറഞ്ഞതുകേട്ട് പിപ്പു വേഗം സ്ഥലം വിട്ടു.



**Fathima Hanna IX C**

# നിലാതെന്നലായി

ചായുന്നവോ.....................ആലോലമായി
ഇളം തെന്നലായി നീ ആദ്യമായി
പാറുന്നിതാ കിനാവാകേയും.......
ഒരുരാരോമലയായി നീമയിനയും
നെഞ്ചിലൂട്ടും താമരചില്ലകൾ
നെഞ്ചിൽ പെയ്യും മാമരതാളങ്ങൾ
നെഞ്ചിലൂട്ടും മാരിവിൽ ചേരിനായി...(2)
നീലാതെന്നലായി  ദയാതെന്നലായി
വിരിഞ്ഞിട്ടുമീ....ഭയോനമകൾ
വിരൽ തുമ്പിലേ വെയിൽ പക്ഷിയായി
നിറഞ്ഞിട്ടുമേ മനമാകേയും,
ഓർമ്മയിൽ ,ഓർമയിൽ അഴകാളിട്ടുന്ന
നേരമായി സ്നേഹമാം വീണയിൽ
മധുമൂള്ളിട്ടുന്നരീണമായി (2)
കനവുകൾ തോറും കനവാണേ
കസവിട്ടും നൂലുകോർത്തിടാം
മാരിളം താരമേ ചാരേ വാ...
നീലാതെന്നലായി ദയാതെന്നലായി(1)





**Nithin Varghese IX B**

# പായ് മരത്തിലെ പക്ഷി



നങ്കൂരമിട്ടു കിടന്നിരുന്ന കപ്പലിന്റെ പായ് മരത്തിൽ ഒരു പക്ഷി പറന്നു ചെന്നിരുന്നു.കപ്പൽ നടുക്കടലിലേക്കു നീങ്ങിത്തുടങ്ങി ഏറെ നേരം കഴിഞ്ഞപ്പോഴാണ് കപ്പൽ നടുക്കടിലിലെത്തിയതായി പക്ഷി അറിഞ്ഞത്.ഉടനെ അത് വടക്കുദിക്കിലേക്കു വന്നു.ഏറെ പറന്നിട്ടും കരകാണാതായപ്പോൾ അത് തിരിച്ചു വന്നു വായ് മരത്തിലിരുന്നു.കുറച്ചുകഴിഞ്ഞ് തെക്കോട്ടുപറന്നു.അവിടേയും കരകാണാതായപ്പോൾ അത് തിരിച്ചു വന്നു വായ് മരത്തിലിരുന്നു.അൽപം കഴിഞ്ഞ് മറ്റു ദിക്കുകളിലേക്കു പറന്നുനോക്കിയെങ്കിലും കരകാണാഞ്ഞ് തിരിച്ചു വന്നു വായ് മരത്തിലിരുന്നു.ഇനി എങ്ങും പറന്ന് പോയിട്ട് കാര്യമില്ലന്നു അപ്പോഴാണ് പക്ഷിക്ക് മനസ്സിലായത്.കരതേടി പറക്കാനുള്ള മോഹം ഉപേക്ഷിച്ച പക്ഷി സ്വസ്ഥതയോടെ അവിടെതന്നെയിരുന്നു.പിന്നെ പ്രയതിക്കാൻ തുനിഞ്ഞില്ല.പല പല സുഖഭോഗങ്ങൾ തേടി പായുന്ന പക്ഷിയെപ്പോലെയാണ് സാധാരണ ലൗകീക മനുഷ്യൻ .എന്നാൽ യഥാർത്ഥ ഭക്തനാകട്ടെ കപ്പൽ എവിടെയെങ്കിലും കൊണ്ടെത്തിക്കുമെന്ന് വിശ്വസിച്ച് ആനന്ദത്തോടെ അനങ്ങാതെ ഒരിടത്തിരിക്കുന്നു.



**Bilna BijU IX A**

# തുറന്ന വീഥികൾ (കവിത)

ദിനങ്ങളോരോന്നും കടന്നുപോകവേ,
മനം കുളിർത്തവർ കടന്നുപോകയായ്,
അടിമകൾ സർവ്വ സ്വതന്ത്ര്യരാകുവാൻ,
അടിതെറ്റാതിനിയതിർത്തി കാണുവാൻ



നയിച്ചുനേർവഴി ദൈവമാക്കടൽ
മുറിച്ചു പാതകളൊരുക്കി രാപകൽ
അനേകബാധകളകറ്റി, ഭക്ഷണം
അവർക്കുനല്കുവാൻ
തുറന്നുവീഥികൾ
കടന്നുപോകലിൻ ദിനം കുറിക്കവേ
കതകിൽ രക്തത്തിന്നടയാളം കണ്ടു.
പെസഹായാണിതു മഹത്ത്വരൂപന്റെ
പരമശക്തിയീ ദിനമുണർത്തുന്നു.

**Jiston Joby IX C**



# മാറുന്ന കേരളവും മടങ്ങിവരുന്ന മരച്ചീനിയും.



കേരളം 2015 മുതൽ പരിപൂർണ്ണമായും ജൈവകൃഷിയിലേക്ക് എന്ന സർക്കാരിന്റെ തീരുമാനം കർഷകരിൽ തെല്ലൊരു ആശങ്ക ഉണർത്തുന്നുണ്ട്.ഇന്ന് വരെ ഉപയോഗിച്ചിരുന്ന രാസകീടനാശിനികളുടെ അഭാവത്തിൽ സമ്പൂർണ്ണ ജൈവകൃഷിയിലേക്കുള്ള ഈ ചുവടുമാറ്റം കർഷകരെ പരിഭ്രാന്തരാക്കിയതിൽ അത്ഭുതപ്പെടാനില്ല.നീര് ഊറ്റികുടിക്കുന്ന ഷഡ്പദങ്ങളായ ഇലപേൻ,മുഞ്ഞ,ശല്കപ്രാണികൾ,മിലിമൂട്ടകൾതുടങ്ങിയവ കർഷകന്റെ ഉറക്കം കെടുത്തുന്നവയാണ്.ഇവയിൽ പലതും കീടങ്ങൾക്ക് ഉപരി സസ്യങ്ങളുടെ രോഗവാഹകർ കൂടിയാണ്.എന്നാൽ മേന്മ എന്ന കീടനാശിനി ഇത്തരംകീടങ്ങൾക്ക് നല്ലൊരുപ്രതിവിധിയാണ്.ഈ ജൈവകീടനാശിനികളുടെ ഉപയോഗം കേവലം കൊച്ചുകേരളത്തിലോ അല്ലെങ്കിൽ ഭാരത്തിലോ മാത്രം ഒതുങ്ങുന്നതല്ല.

മരച്ചിനി ഇലകളും കിഴങ്ങിനും പലതരത്തിലുള്ള അർബുദങ്ങളെ തരണം ചെയ്യാൻ കഴിയും എന്ന് തെളിഞ്ഞിരിക്കുന്നു.ഈ വാർത്ത മലയാളിക്ക് ആശ്വാസം പകരുന്നു.മരച്ചിനിയുടെ ഇലകളുടെ അവശിഷ്ടങ്ങൾ കാലിത്തീറ്റയായോ ജൈവവളമായോ ഉപയോഗിക്കാനും സാധിക്കുന്നു.



**Angel shaju IX C**

# കർഷകൻ കണ്ട മഴകാഴ്ചകൾ




പെയ്യാതെ തോരുന്ന നിൻ
മൃദുസ്പന്ദനം കാതോർക്കേ
കേൾക്കാനായി കാത്തു നിന്നു.
തൂമഴവില്ലായി പാറി പറക്കുമ്പോൾ
അമ്മതൻ പുഞ്ചിരിയേകിടുന്നു.
കാറ്റേ നീ എന്നു പറന്നു രസിക്കുവാൻ
കാഴ്ചകളേറെ കണ്ടു നിന്നു.
കിളിയുടെ പുഞ്ചിരി കാണുവാനായെന്റെ
കൺതിരിയൊന്നു ചിമ്മി നിന്നു
മഴയെ നീ പുൽകുവാനായെന്റെ
ഉള്ളിലെ സ്നേഹമായി
എന്നും നീ വന്നീടണേ
മഴയത്ത് കളിച്ച് രസിക്കുവാൻ
മഴയുടെ സാന്ത്വനമായി നീ എന്നും വന്നീടണേ
പുഞ്ചിരി തൂകി നീ പൂമഴയായി നീ

പെയ്തിറങ്ങുമ്പോൾ

കിളിയുടെ കളകളശബ്ദം
പുലരുവാൻ നീ വന്നീടണേ
ആരോടുചൊല്ലുമെല്ലാശ്വാസമായ്
ഉൾകുവാനായി നീ വന്നീടണേ
മാറോടു ചേർക്കുന്ന അമ്മയെപ്പോലെ നീ
സ്വാന്തനമേകുവാൻ വന്നീടണേ
വെള്ളമില്ലാത്തവർക്ക് വെള്ളമായി
നീയെന്നും ഭൂവിലുണ്ടാകേണമെന്നും എന്നും
കുളിർകാറ്റിനോടു നീ സൗമ്യമായി
പുൽകുമ്പോൾ മന്ദമായ് നീയെന്നും വന്നീടണേ
മത്സ്യത്തിനൊപ്പമായി കളിച്ചുരസിക്കുവാൻ
ആകാശമേറെ തുറന്നിടുമ്പോൾ
ജലദാഹമേകയായ് ഉൾകി നീ എന്നു-
മില്ലാശ്വാസമേകുവാൻ വന്നീടണേ
മഴക്കാറുകൾ നീങ്ങി മഴപെയ്തൊഴിഞ്ഞു
ഭൂമി പച്ചയുടുപ്പണിഞ്ഞു കാത്തുനിന്നു.
പൂക്കൾ കാറ്റിലാടി പുഞ്ചിരി ഉൾകി-
പ്രകൃതി തൻ പുസ്തകതാഴ് വരയിൽ
ജീവജാലങ്ങളെ കാത്തീടുവാൻ
പ്രകൃതി കനിഞ്ഞു നൽകുന്ന മക്കൾക്ക്
ജീവനേകുവാൻ കാത്തു നിന്നു
പൂക്കൾ പൊഴിയുന്ന കാറ്റിലാടുവാനായി
സ്വന്തമായി എന്നും പറഞ്ഞീടുവാൻ.

**Siya Mariya IX A**



# പെരുമഴ



വറുതിയൊടുങ്ങാൻ കരിമേഘങ്ങൾ
നിരനിരയങ്ങനെ നിറയുന്നു
മഴമഴ മഴമഴ പെരുമഴയങ്ങനെ
ചറപറ ചറപറ പെയ്യുന്നു
പല ചെടി തഴുകി പല വഴിയൊഴുകി
ഉലകിനു കുളിരായി പെരുവെള്ളം
തോടുകൾ നിറയെ മേടുകൾ നിറയെ
ആടിവരും വെള്ളം

കടലിൽ ചെല്ലാൻ മോഹവുമായി
തുള്ളിച്ചാടി വരും വെള്ളം.



**JOYS V JOHNSON IX B**

# ഇല്ലാതായിക്കൊണ്ടിരിക്കുന്ന പ്രകൃതി (ഉപന്യാസം)

നമുക്കുചുറ്റും ഓരോ ദിനവും മനോഹരമായ കാഴ്ചകൾ പ്രദാനം ചെയ്യുന്ന ഒന്നാണ് പ്രകൃതി.സസ്യലതാദികളാണ് പ്രധാനമായും ഈ പ്രകൃതിയെ അലങ്കാരപൂരിതമാക്കുന്നത്.പ്രഭാതം മുതൽ നിശവരെ സുന്ദരമായ വ്യത്യസ്തങ്ങളായ അനുഭൂതികൾ പ്രദാനം ചെയ്യുന്നു.പ്രകൃതിയിലൂടെ നാം ഒന്നു കണ്ണോടിക്കുമ്പോൾ നമുക്കുചുറ്റും ഏറെ മനോഹരമായ കാഴ്ചകളാൽ വിരുന്നൊരുക്കി നിൽക്കുകയാണ് പ്രകൃതി.മനുഷ്യനു പ്രകൃതി ഏറെ ഉപയോഗപ്രദമാണ്.മറ്റ ജീവജാലങ്ങളേക്കാളും ആവശ്യം മനുഷ്യനാണ്.പ്രകൃതിയെ സംരക്ഷിക്കുക,മലിനമാകാതെ സൂക്ഷിക്കുക,ഇവയെല്ലാം ചെയ്യേണ്ടത് നമ്മുടെ ആവശ്യമാണ്.നമ്മുടെ നിലനിൽപ്പിന്റെ തായ് വേര് പ്രകൃതിയാണ്.

എന്നാൽ പ്രകൃതി നമ്മുടെ ജീവന്റെ ഭാഗമാണ്.എന്ന തിരിച്ചറിവ് ഇനിയും നമ്മിലില്ല.പ്രകൃതിയില്ലങ്കിൽ നാമില്ല,ജീവജാലങ്ങളില്ല എന്ന് ആദ്യം മനസ്സിലാക്കേണ്ടവർ മനുഷ്യരാണ്.ജീവജാലങ്ങൾപോലും പ്രകൃതിയെ നല്ല രീതിയിൽ കൈകാര്യം ചെയ്യുമ്പോൾ അതിനെതിരെ പ്രവർത്തിക്കുന്നവരായി ചിന്തിക്കുന്നവരായി നാം മാറുന്നു. പ്രകൃതിയിൽ അടിയുറച്ചതാണ് നമ്മുടെ ജീവൻ.മനുഷ്യന്റെ അതിരുകടന്ന കൈകടത്തൽ പ്രകൃതിയെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു.പ്രകൃതിയെ നാം നശിപ്പിക്കുമ്പോൾ നമ്മുടെ സങ്കേതമാണ് നശിപ്പിക്കുന്നത് എന്ന തിരിച്ചറിവ് നമ്മിലുണ്ടാകേണ്ടത് ഏറെ അനിവാര്യമാണ്.പ്രകൃതിയിയെ സുക്ഷിച്ച് കൈകാര്യം ചെയ്യാതിരുന്നാൽ നമ്മുടെ ജീവൻ വലിയ പ്രതിസന്ധിയിലാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.അതിനാൽ പ്രകൃതിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രകൃതിയോടിണങ്ങി ജീവിക്കുന്നവരായി നാം മാറണം.



ALEENA M BIJU IX C

# മുൻപേ നടന്നയാൾ

തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തി ഗ്രാമത്തിലെ ഒരു കുടിപ്പള്ളിക്കൂടം ചെമ്പഴന്തി മൂത്തപ്പിള്ള ആശാനാണ് അവിടെ കുട്ടികൾക്ക് അറിവ് പകർന്ന് കൊടുത്തിരുന്നത്.നിലത്തു വിരിച്ച മണലിലിരുന്ന് കുട്ടികൾ എഴുത്തും വായനയും അഭ്യസിച്ചു.അവർ പത്തു പതിനഞ്ചു പേരുണ്ടായിരുന്നു.ഒരോ കുട്ടിയുടെയും പ്രത്യേകതകൾ അറിഞ്ഞ് ആശാൻ അവർക്ക് വഴി കാട്ടി.കുടിപ്പള്ളിക്കൂടത്തിലെ മിടുക്കനായ കുട്ടിയായിരുന്നു നാരായണൻ.അവനെ കൂട്ടുകാർ സ്നേഹത്തോടെ നാണു എന്നു വിളിച്ചു.ഗുരു ചൊല്ലി കൊടുത്ത പാഠങ്ങൾ നാണു പെട്ടെന്ന് പഠിച്ചു മനസ്സിലാക്കി.എത്ര ശ്രമിച്ചിട്ടും നാണുവിന്റെ ഒപ്പമെത്താൻ മറ്റു കുട്ടികൾക്കായില്ല.ഇങ്ങനെയായാൽ എന്തു ചെയ്യും.എല്ലാവർക്കും ഒരുപ്പോലെ പാഠങ്ങൾ ചൊല്ലികൊടുക്കണമെന്നാണ് ആശാന്റെ ആഗ്രഹം.ഒരാൾ മറ്റുള്ളവരെക്കാൾ എറെ മുമ്പിൽ.ഇവരെ ഒരുമിച്ച് കൊണ്ടുപോകാൻ ഒക്കുമോ? ഗുരു പല വഴികളും ആലോചിച്ചു.


ആശാൻ ഇല്ലാത്ത അവസരങ്ങളിൽ നാണു സഹപാഠികളുടെ അടുത്തുചെല്ലും.പഠിച്ചുറച്ചതെല്ലാം സ്വന്തം രീതിയിൽ അവൻ അവരെ പഠിപ്പിക്കും.അവർ പെട്ടെന്ന് കാര്യങ്ങൾ ഗ്രഹിക്കാൻ തുടങ്ങി.ആശാന് സന്തോഷമായി.അദ്ദേഹം നാരായണനെ പ്രോത്സാഹിപ്പിച്ചു.അങ്ങനെ നാണു ആ കൊച്ചുസംഘത്തിന്റെ നേതാവായി മാറി.പഠിച്ചുകഴിഞ്ഞ് ആശാൻ ചോദ്യങ്ങൾ ചോദിക്കും.കുട്ടികൾ ഉത്തരം പറയണം.അതാണ് അവിടുത്തെ രീതി .എന്നാൽ നാരായണൻ എത്തിയതോടെ അതിനു മാറ്റം വന്നു.ഒരോന്നു  പഠിപ്പിച്ചു കഴിയുമ്പോഴും നാരായണന് സംശയമുണ്ടാകും.അവൻആശാനോട് ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരിക്കും അദ്ദേഹം അതിനെല്ലാം മറുപടി നല്കും.കൂടുതൽ കാര്യങ്ങൾ  കുറഞ്ഞ സമയം കൊണ്ട് പഠിക്കാൻ നാരായണന് ഇതിലൂടെ കഴിഞ്ഞു.

ആശാൻ മറ്റു കുട്ടികളെ ശ്രദ്ധിക്കാൻ തുടങ്ങുമ്പോൾ നാരായണൻ പുറത്തേക്കിറങ്ങും.ചുറ്റുപാടും എന്തൊക്കെയുണ്ട് കാണാനും പഠിക്കാനും,നാരായണന്റെ ജിജ്ഞാസ വർധിച്ചു തുടങ്ങി.നാണു അവിടെയൊക്കെ ചുറ്റി നടക്കും ഓരോന്നു നോക്കി ആലോചിച്ചു നിൽക്കും.ചുറ്റുപാടുകളിൽ നിന്ന് അവൻ എന്തൊക്കെയോ പഠിക്കുകയാണ്.മറ്റു കുട്ടികൾക്ക് നാരായണന്റെ ഈ പെരുമാറ്റം തീരെ മനസ്സിലായില്ല.കുടിപ്പള്ളിക്കൂടത്തിലെ പഠനം അവസാനിക്കാറായി.അവൻ കൂട്ടുകാരോട് യാത്ര പറയാനൊരുങ്ങി.അവർ നിറഞ്ഞ കണ്ണുകളോടെ അവനെ നോക്കി നിന്നു.ഈ ബാലനാണ് ലോകം മുഴുവൻ ആദരിക്കുന്ന ശ്രീനാരായണഗുരുവായി വളർന്നത്.മറ്റുള്ളവരെ സഹായിച്ചും ചുറ്റുപാടുകളിൽ നിന്നു പഠിച്ചും അദ്ദേഹം അറിവ് നേടി.എല്ലാ മനുഷ്യരെയും ഒന്നായി കാണാൻ അദ്ദേഹം പഠിപ്പിച്ചു.



varna M Binoy IX A

# ഗാന്ധിജിയുടെ ഓർമ്മകളിലൂടെ



ഗാന്ധിജി എന്ന മഹാവ്യക്തിയെ കുറിച്ചാലോചിക്കുമ്പോൾ എന്റെ മനസ്സിലേക്ക് ഓടി വരുന്ന ഒരു സംഭവമാണ് ഉപ്പ് സത്യാഗ്രഹം.1930 മാർച്ച് 11 ന്റെ പ്രാർത്ഥനായോഗത്തിൽ ബാപ്പു പറഞ്ഞു.ബ്രിട്ടന്റെ ഭീകരശക്തിക്കെതിരെ ഇന്ത്യക്കാരന്റെ അഹിംസാത്മകസമരമാണ് ഉപ്പ് സത്യാഗ്രഹം.ബ്രിട്ടീഷ് സർക്കാരിന്റെ ഭരണ യന്ത്രങ്ങൾ നിശ്ചലമാക്കുക,ഉദ്യോഗസ്ഥൻമാർ ജോലിയുപേക്ഷിച്ചു പുറത്തു വരിക വക്കീലൻമാർ പണി കളഞ്ഞ് തെരുവിലേക്കിറങ്ങുക.പൗരൻമാർ നികുതി നിഷേധിക്കുക.നമ്മുടെ സമരം ന്യായമാണ് മാർഗം ശക്തം ദൈവം നമ്മോടൊപ്പമുണ്ട്.പിറ്റേന്ന് അതിരാവിലെ ബാപ്പു ഉൾപ്പെടെ 79 പേരുടെ സത്യാഗ്രഹി സംഘം ജലാൽപൂരിനടുത്തുള്ള ദണ്ഡി കടൽതീരം ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു.സത്യാഗ്രഹികളിൽ ഏറ്റവും പ്രായം ബാപ്പുജിക്കാണ്.61 വയസ്സ് .കുറഞ്ഞ പ്രായക്കാരന് 16 വയസ്സും.അറ്റത്ത് ഇരുമ്പ് ചിറ്റ് കെട്ടിയ നീളം കൂടിയ മുളവടിയുമായി ബാപ്പു മുന്നിൽ കടന്നുപോകുന്നു.ഒരോ ഗ്രാമത്തിലേയും ഗ്രാമീണരുമായി ബാപ്പു സംസാരിച്ചു.ചർക്ക ഐത്തം,ശുചിത്വം,മദ്യം,കാലികണക്ക്,വിദ്യാഭ്യാസം അവസാനം ഉപ്പു നിയമം അതെങ്ങനെ ലംഘിക്കണം ബാപ്പു വിശദീകരിച്ചുകൊണ്ട് തുടർന്നു.വായുപോലെ ജീവിതത്തിൽ അനിവാര്യം ഉപ്പ്.ഉപ്പിനു നികുതി ചുമത്തുന്ന സർക്കാരിനെ ഉപ്പുണ്ടാക്കി വെല്ലുവിളിക്കുക.24 ദിവസങ്ങൾക്ക് ശേഷം ഏപ്രിൽ 5 ന് 241 നാഴികകൾ താണ്ടി ബാപ്പുവും സംഘവും ദണ്ഡി കടൽത്തിരത്ത് എത്തി.രാത്രി മുഴുവൻ സത്യാഗ്രഹികൾ പ്രാർത്ഥനയിൽ മുഴുകി.ജാതി മതഭേദമില്ലാതെ പിറ്റേന്ന് പുലർച്ചെ കടലിൽ കുളിച്ചു.രാവിലെ ന് ബാപ്പു കടൽ വെള്ളം കുറുക്കി ഉപ്പ് ഉണ്ടാക്കി ഉപ്പു നിയമം ലംഘിച്ചു.കുറുക്കി ഉണ്ടാക്കിയ ഒറ്റ പിടി ഉപ്പ് ഉയർത്തി കാട്ടി കവയത്രി സരോജിനി നായിഡു പ്രഖ്യാപിച്ചു.വിമോചകൻ വിജയിപ്പൂതാക.



**KESIYA T IX B**


# എന്റെ ഓർമ്മകൾ

ഓർമ്മ എന്നോട് മന്ത്രിച്ച മനസ്സിന്റെ മായാവനിയിലെ പൂമൊട്ടുകൾക്കുള്ളിൽ വിരിഞ്ഞ നക്ഷത്രക്കണങ്ങളുള്ള സ്വപ്നങ്ങളുടെ അന്തരാത്മാവിൽ ചിന്തിച്ചിരിക്കപ്പെട്ട ഒരുപിടി നല്ല നാളുകൾതൻ നൊമ്പരത്തെ ...സത്യമിസ്വപ്നമതു സ്വപ്നങ്ങളായിരുന്നില്ല.ജീവന്റെ തുടിപ്പിനാരംഭം മുതൽ പടച്ചവൻ ശിരസിൽക്കുറിച്ച് എന്റെ ജിവിതത്തിന്റെ ചുട്ടയാഥാർത്ഥ്യമായിരുന്നു.ഉണർന്നിരിക്കുമ്പോൾ മുന്നിൽകാണുന്ന മുഖങ്ങളോ ഉറങ്ങുനേരം കണ്ടുമുട്ടുന്ന മുഖങ്ങളോ..... ഏതാണ് സത്യം ഏതാണ് മിഥ്യ,യാഥാർത്ഥ്യമെന്നും എന്റെ മനസ്സിൽ കറെ ഊഹാപോഹങ്ങളുടെ
പുകപടലങ്ങൾ സൃഷ്ടിക്കുമ്പോൾ ...എന്റെ ഹൃദയതന്ത്രികളിൽ സ്നേഹത്തിന്റെ
ഈണ മീട്ടിയെന്ന ഭൂമിയുടെമാറിലേക്ക് പിച്ചവെച്ച് നടത്തിയ എന്റെ പ്രിയമുഖങ്ങൾ നഷ്ടപ്പെട്ടുമ്പോൾ ഞാനും മരിക്കുകയല്ലേ....നിമിഷങ്ങളിൽ എരിഞ്ഞില്ലാതാകുമ്പോൾ...ഒരു പിടിച്ചാരമായി മൺകടത്തിലടക്കപ്പെട്ട ആ നന്മകൾ എന്റെ ആത്മാവിനെ തഴുകി എന്റെ ഹൃദയത്തിൽ നിന്നും വേർപ്പെട്ട് നീലാകാശവും നോക്കി ഭൂമിയുടെ ചൂട്ടും പറ്റി ഒഴുകുന്ന ജലങ്ങളിൽ അലിഞ്ഞലിഞ്ഞ് ഏതോ യാത്രയ്ക്ക് ഞൻ ഒരുങ്ങുമ്പോൾ എന്റെ ഓർമ്മകൾ എന്നെ കരയിക്കുകയാണ്.

**VITHUN BABU IX B**



# അഹിംസാ സമരത്തിന്റെ മാതൃക



ബ്രിട്ടീഷ് സമരത്തിന്റെ ധരാസന ഉപ്പ് ഡെപ്പോയിലേക്കു മാർച്ച് ചെയ്യുന്നതിനു മുമ്പേ ബാപ്പുവിനെ പോലീസ് അറസ്റ്റ് ചെയ്തു.പിന്നീട് സത്യാഗ്രഹം നയിച്ചത് സരോജിനി നായിഡുവാണ്. ബോംബെയിൽ നിന്ന് 150 നാഴിക വടക്കാണ് ധരാസന.റോഡില്ല,കള്ളിചെടികളല്ലാതെ മറ്റൊന്നുമില്ല.പകൽച്ചൂട് 116 ഡിഗ്രി.അഹിംസയിൽ പരിശീലനം നേടിയ സത്യാഗ്രഹികൾ വരിവരിയായി ഉപ്പ്ഡെപ്പോ ലക്ഷ്യമാക്കി നീങ്ങി.നിരായുധരായി ,നിർഭയരായി നാന്നൂറ് പോലീസുകാർ ഉരുക്ക് ചിറ്റിട്ട ലാത്തികളുമായി സത്യാഗ്രഹികൾക്ക് നേർക്കുനേർ നിന്നു.ഡെപ്പോയുടെ ഇരുമ്പുവേലിക്കടുത്ത് സത്യാഗ്രഹികൾ എത്തിയതും പോലീസ് അവരെ നേരിട്ടു.തലങ്ങും വിലങ്ങും തല്ലി.നിലത്ത് വീണ സത്യാഗ്രഹികൾ വേദന കൊണ്ട് പിടഞ്ഞിട്ടും ഒരു കൈവിരൽ പോലും ഉയർത്തിയില്ല.വീണു കിടക്കുന്നവരെ പോലീസ് പിന്നെയും ക്രൂരമായി മർദ്ദിച്ചു.സത്യാഗ്രഹികളുടെ നിർഭയത്തം കണ്ട പോലീസിന്റെ രോഷം ഇരട്ടിയായി.അവർ കൂർത്ത കമ്പികൾ കൊണ്ട് കുത്തി.വൃഷണങ്ങൾ കശക്കിയുടച്ചു.ആസനങ്ങളിൽ വടികൾ കുത്തി കയറ്റി.വയറ്റിൽ ബൂട്ടുകൊണ്ട് ചവിട്ടി .എന്നിട്ടും സത്യാഗ്രഹികൾ പ്രതിഷേധിച്ചില്ല.ധരാസനയിലെ സത്യാഗ്രഹികളുടെ പരിപൂർണ്ണമായ അഹിംസാസമരവും ബ്രിട്ടീഷ് പോലീസിന്റെ കൊടിയ മർദനവും വെബ്മില്ലറുടെ വാക്കുകളിലൂടെ ലോകമറിഞ്ഞു.ലോകമനഃസാക്ഷി ഞെട്ടിയുണർന്നു.ബ്രിട്ടീഷ് സർക്കാരിന്റെ അടിത്തറയിളകി.അഹിംസ എന്ന ഉടവാളുകൊണ്ട് ഏതൊരു പ്രതിസന്ധിയെയും മറികടക്കാം.



**JYOTHIRMAYI M IX B**

# സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ മാന്ദാമംഗലം

നിരവധി മികവുകളും മാതൃകകളുമായി മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ വീണ്ടും മുന്നേറുകയാണ്.ഇതിനായി സഹകരിച്ചു കൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

## സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ മാന്ദാമംഗലം സവിശേഷതകൾ

# സമ്പൂർണ്ണ ഹൈടെക് വിദ്യാലയം



വിവര സാങ്കേതിക വിദ്യയുടെ ആധുനിക സാധ്യതകൾ പഠനത്തിനും അദ്ധ്യാപനത്തിനും ഉപയോഗപ്പെടുത്താവുന്നവിധം സംവിധാനങ്ങൾ എല്ലാ ക്ലാസ്സ് മുറികളിലും ഒരുക്കികൊണ്ട് മലയോരമേഖലയിലെ സമ്പൂർണ്ണ ഹൈടെക് വിദ്യാലയമായി മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ .പൊതു വിദ്യാഭ്യാസയജ്ഞത്തിന്റെ എല്ലാ ക്ലാസ്സ് മുറികളിലേക്കുമുള്ള പ്രൊജക്ടർ,ലാപ്പ്ടോപ്പ്,എന്നിവ സ്കൂളിന് ലഭിച്ചു.മാനേജ്മെന്റും അദ്ധ്യാപക രക്ഷാകർത്തൃസമിതിയും ചേർന്ന്ഹൈടെക് വിദ്യാലയത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി.ഇതിന്റെ ഭാഗമായി ഓരോ ക്ലാസ്സ് മുറികളിലും ബ്ലാക്ക് ബോർഡിനും ചോക്കിനും പകരം വൈറ്റ് ബോർഡും മാർക്കറും ഉപയോഗിക്കുന്നു.പ്രൊജക്ടിംങ്ങ് സ്ക്രീൻ,സി.ഡി-പുസ്തക ലൈബ്രറി എന്നിവയും ക്ലാസ്സിൽ സജ്ജീകരിച്ചിട്ടുണ്ട്.പഠനത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കുമായ ടെലിവിഷൻ,വെബ്ക്യാമറ,ഡി.എസ്.എൽ.ആർ 1500 ക്യാമറഎന്നിവയും ഉപയോഗപ്പെടുത്തുന്നു

.

ലനനരരരിന്ഭീ്യു



# ശ്രദ്ധ-സമഗ്ര വിദ്യാഭ്യാസ പദ്ധതി

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സിലബസ് അനുസരിച്ചുള്ള പഠനപ്രവർത്തനങ്ങൾ ചിട്ടയോടുകൂടി നടപ്പാക്കുമ്പോൾ

തന്നെ ശ്രദ്ധ എന്ന പേരിൽ തനതായ ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതി 2016

ജൂൺ മാസം മുതൽ സ്കൂളിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.ഓരോ

വിദ്യാർത്ഥിയുടെയും സവിശേഷമായ കഴിവിനെ കണ്ടെത്തുക,അത് പോഷിപ്പിച്ചുകൊണ്ട് കുട്ടിയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക അതുവഴി പഠനം

ആനന്ദകരമാക്കുക.പഠനം ആനന്ദകരമാകുമ്പോൾ വിദ്യാർത്ഥിയിലും വിദ്യാലയത്തിലും വീട്ടിലും നാട്ടിലും സംതൃപ്തിയും സമാധാനവും നിലനിൽക്കും എന്നതാണ് ശ്രദ്ധയുടെ കാഴ്ചപ്പാട് ഓരോ ക്ലാസ്സിലും അത്യാവശ്യമായി നേടേണ്ടതായ ശേഷികൾ നേടാൻ സാധിക്കാതിരിക്കുന്നവരെ കണ്ടെത്തലാണ്

ആദ്യ ഘട്ടം.അവർക്ക് അക്ഷരശ്രദ്ധ,ഗണിത ശ്രദ്ധ,വിജ്ഞാനശ്രദ്ധ എന്നീ പ്രവർത്തനങ്ങളിലൂടെ ശേഷി വികസിപ്പിച്ച് മുഖ്യ

ധാരയിലെത്തിക്കുന്നു.സർവ്വോദയ ട്രസ്റ്റ് പ്രസിദ്ധീകരിക്കുന്ന  പഠനം ആനന്ദകരമാക്കുക എന്ന പുസ്തകമാണ്

അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്.വിദ്യാർത്ഥികൾ,അദ്ധ്യാപകർ

,രക്ഷിതാക്കൾ എന്നിവർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ലഘു ഗ്രന്ഥങ്ങളും

വിതരണം ചെയ്യുന്നു.



# അഭിരുചി അധിഷ്ഠിത പഠനം

ഓരോ വിദ്യാർത്ഥിയിലുമുള്ള അഭിരുചിയെ ശാസ്ത്രിയമായി കണ്ടെത്തുന്നു.ഇതിനായി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ,അവരുമായി പ്രത്യേക അഭിമുഖങ്ങൾ, പ്രത്യേകം തയ്യാറാക്കി.ചോദ്യാവലിയിലൂടെ കുട്ടികളെ വിലയിരുത്തൽ എന്നിവ നടക്കുന്നു.

വിദ്യ അക്കാദമി ഓഫ് സയൻസ് ആന്റ് ടെക്ക്നോളജിയിലെ അക്കാദമിക്ക് വിദഗ്ദരാണ് അഭിരുചി നിർണ്ണയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.വിദ്യ ചാരിറ്റബിൾ സൊസൈറ്റി ഇതിനുള്ള പിൻതുണയും നൽകി.

അഭിരുചി നിർണ്ണയത്തിലൂടെ വിദ്യാർത്ഥികളെ ഏഴ് അഭിരുചി മേഖലകളായി തിരിച്ചിരിക്കുകയാണ്.



മെഡിസിൻ,പാരാമെഡിസിൻ,എഞ്ചിനിയറിങ്ങ്,കൃഷിയും വനശാസ്ത്രവും അദ്ധ്യാപനം,സിവിൽ സർവ്വീസ്,ബാങ്കിങ്ങും മറ്റ് സർക്കാർ സർവ്വീസും

എന്നിങ്ങനെയാണ് തിരിച്ചിരിക്കുന്നത്.ഒരോ മേഖലയിലുള്ളവർക്കും പ്രത്യേകം അഭിരുചി പോഷണ പ്രവർത്തനങ്ങൾ

നടന്നുവരുന്നു.ക്ലാസ്സുകൾ,പഠനയാത്രകൾ,അഭിമുഖങ്ങൾ,സ്ഥാപനങ്ങൾ സന്ദർശിക്കൽ,വായന എന്നിവയാണ് പോഷണ പ്രവർത്തനങ്ങൾ.

എൻട്രൻസ് ഓറിയന്റേഷൻ ക്ലാസ്സുകൾ വിദേശ ഭാഷാ പഠനം,കരിയർ ഗൈഡൻസ് ,പൊതുവിജ്ഞാന വാർത്ത ബുള്ളറ്റിൻ,തൃശ്ശൂർ ഐ.എ എസ് അക്കാദമിയുടെയും സീറ്റ എക്സലൻസിന്റെയും സഹകരണത്തോടെ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ ക്ലാസ്സുകൾ വിവിധ നേഴ്സിങ്ങ് സ്കൂളുകളുടെയും ആരോഗ്യ വകുപ്പിന്റെയും സഹകരണത്തോടെ നേഴ്സിങ്ങ്, പാരാമെഡിസിൻ ക്ലാസ്സുകൾ,കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ കൃഷി വിജ്ഞാന ക്ലാസ്സുകൾ എന്നിവ വിദ്യാർത്ഥികൾക്ക് നൽകി വരുന്നു.



# കലാ-സാഹിത്യം, കായികം

കലാ-സാഹിത്യം, കായിക മേഖലകളിൽ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശില്പ ശാലകൾ,സഹവാസ ക്യാമ്പുകൾ,പ്രേത്യക പരിശിലന പരിപാടികൾ എന്നിവയും നടന്നു.ഫുട്ബോൾ പരിശീലന ക്യാമ്പുകൾ യോഗാ പരിശീലനം ചിത്ര കലാ ക്ലാസ്സുകൾ,കഥാ കവിതാ ശില്പശാല,വിദ്യാർത്ഥികളുടെ കലാസൃഷ്ടികളെ പ്രസിദ്ധീകരിക്കാനുള്ള അവസരങ്ങൾ എന്നിവയും ഉണ്ട്.ദേശം എന്ന പേരിൽ കുട്ടികളുടെ പ്രതിമാസ പത്രം പ്രസിദ്ധീകരിച്ചു വരുന്നു.

വിദ്യാർത്ഥികളുടെ രചനകൾ മാത്രം ഉൾപ്പെടുത്തി മൂന്ന് ഗ്രന്ഥങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചു.ദേശ ചരിത്ര കുറിപ്പുകൾ, ഗാന്ധി നിത്യ ജീവിതത്തിൽ,എന്നീ മലയാള പുസ്തകങ്ങളും ഗാവ് കാ ഇതിഹാസ് എന്ന ഹിന്ദി പുസ്തകവും ഇംഗ്ലീഷിനോട് അഭിരുചി വളർത്താൻ ഈസി ഇംഗ്ലീഷ് ,സർഗശേഷി വർദ്ധിപ്പിക്കാൻ നാടകവേദിയും പ്രവർത്തിക്കുന്നു.



# കരകൗശലം

വിദ്യാർത്ഥികളിൽ ഏകാഗ്രത സജീവമാക്കുന്നതിനും പരിസ്ഥിതി സൗഹൃദ പ്രവർത്തനത്തിനുമുള്ള പ്രവർത്തനങ്ങൾ എന്ന നിലയ്ക്ക് കരകൗശല പ്രവർത്തനങ്ങളും പരിശീലിപ്പിച്ച് വരുന്നു.പേപ്പർ ബാഗ് ,കടലാസ് പേന,ലഘു ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണം എൽ. ഇ. ഡി . ബൾബ് ,കുട,ചന്ദന തിരി ,മെഴുകു തിരി,വാഷിംഗ് പൗഡർ എന്നിവയുടെ നിർമ്മാണം എന്നിവ വിദ്യാർത്ഥികൾ താൽപര്യമനുസരിച്ച് പരിശീലിപ്പിക്കുന്നു.



# വിവിധ അവസരങ്ങൾ

എസ്.എസ്.എൽ. സി പരീക്ഷയിൽ വിജയം നേടികൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിൽ രാത്രികാല ക്ലാസ്സുകൾ ഉൾപ്പെടെ പ്രത്യേക ശ്രദ്ധ പരിപാടികൾ ഈ വർഷവും നടപ്പാക്കി വരുന്നു.സ്കൗട്ട്,ഗൈഡ്,ജൂനിയർ റെഡ് ക്രോസ്സ് എന്നിവയിലൂടെ നിരവധി വിദ്യാർത്ഥികൾ പരിശീലനം നേടുകയും സംസ്ഥാന,ദേശീയ സർട്ടിഫിക്കറ്റ് പരീക്ഷകൾ ഉന്നത ഗ്രേഡ്കളോടെ വിജയിക്കുന്നു.

എല്ലാ ക്ലാസ്സുകളിലും ലൈബ്രറി,പൊതുവായ വായനാമുറി, ഏഴ് തരം വർത്തമാന പത്രങ്ങൾ,ഇംഗ്ലീഷ് മീഡിയം ക്ലാസ്സിൽ ഇംഗ്ലീഷ് പത്രങ്ങൾ,ജൈവ വൈവിധ്യ ഇടങ്ങൾ,വാഴ വൈവിധ്യം എന്നിങ്ങനെ മികവുകളും മാതൃകകളും മലയോര മേഖലയിലെ ഈ വിദ്യാലയത്തിൽ കാണാം.



# സമ്പൂർണ്ണ ഗാന്ധി സാഹിത്യലൈബ്രറി

മഹാത്മാഗാന്ധിയുടെയും കസ്തൂർബാഗാന്ധിയുടെയും ജന്മവാർഷികാഘോഷ പരിപാടികളുടെ ഭാഗമായി സ്കൂളിൽ മഹാത്മാഗാന്ധിയുടെ സമ്പൂർണ്ണ കൃതികളും ഉൾപ്പടുന്ന ലൈബ്രറി  ഗാന്ധിജി ഫോട്ടോ ഗാലറി എന്നിവയും തയ്യാറാക്കിയിട്ടുണ്ട്.പൂർവ്വ വിദ്യാർത്ഥികളുടെ സവിശേഷമായ കഴിവുകളെ സ്കൂളിന് പ്രയോജനപ്പടുത്താനായി പ്രാദേശിക റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കിയിരിക്കുന്നു.സ്കൂളിന്റെ വെബ് സൈറ്റ്, www.stsebastianshs.com

പൊതുവിദ്യാഭ്യാസവകുപ്പ് ,പി.ടി.എ കമ്മിറ്റി,മാനേജ്മെന്റ് വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്.



# Little WINGS-ന പിന്നിൽ

- **Joys V johnson**
- **Diya Ross**
- **Anchal K R**
- **Varna M Binoy**
- **Prince P S**
- **Fathima Hanna**
- **Angel Shaju**

# നന്ദി

**Little Wings യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ ലിയ ടീച്ചർക്കും,ഷാരി ടീച്ചർക്കും നന്ദി...**

**എഡിറ്റർ**

